# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: മനു. ബി)

നമ്പർ: 52/2021/ഇ8/ഡി.പി(1)

തിരുവനന്തപുരം,
തീയതി: 29.05.2021

വിഷയം:- അച്ചടി വകുപ്പ്-ജീവനക്കാര്യം-അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-1. 26.05.2021 ലെ സ.ഉ.(അച്ചടി) 20/2021/ഉവി.വ. നമ്പർ സർക്കാർ ഉത്തരവ്.

2. 27.05.2021 ലെ 1639 നമ്പർ പ്രകാരമുള്ള അസാധാരണ ഗസറ്റ് വിജ്ഞാപനം

3. എറണാകുളം ഗവ. പ്രസ്സ് -അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.എസ്. മുരളീധരൻ സമർപ്പിച്ച 18.03.2021ലെ അപേക്ഷ.

4. അച്ചടി വകുപ്പ് ഡയറക്ടറുടെ 27.05.2021 ലെ 52/2021/ഇ8/ഡിപി(1) നമ്പർ കത്ത്.

5. 29.05.2021-ലെ സ.ഉ.(സാധാ) 708/2021/ഉവി.വ നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

പരാമർശം (5) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ തിരുവനന്തപുരം ജില്ലാ ഫോറം ഓഫീസർ ശ്രീ.കെ.എൽ. അശോക് കുമാറിന് തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ നിലവിലുള്ള ഒഴിവിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായും ആലപ്പുഴ ജില്ലാ ഫാറം ഓഫീസർ ശ്രീ. ബി. ഹരികുമാറിന് എറണാകുളം ഗവ. പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായും എറണാകുളം ഗവ. പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. എസ്. മുരളീധരനെ ഷൊർണ്ണൂർ ഗവ. പ്രസ്സിലെ നിലവിലുളള ഒഴിവിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായും 59300-120900 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി സ്ഥാനക്കയറ്റ നിയമനം ലഭിച്ച തിരുവനന്തപുരം ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ.കെ.എൽ. അശോക് കുമാർ നിലവിൽ വഹിച്ചു വരുന്ന ജില്ലാ ഫോറം ഓഫീസറുടെ പൂർണ്ണ അധിക ചുമതല മണ്ണന്തല ഗവ. പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. എസ്. ഹരിക്ക് കൈമാറേണ്ടതും, നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല നിർവ്വഹിച്ചുവരുന്ന തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ പബ്ലിക്കേഷൻ അസിസ്റ്റന്റ് ശ്രീമതി. ആർ. എസ്. ഷാജിദയിൽ നിന്നും ടി ചുമതല ഉടൻ പ്രാബല്യത്തിൽ സ്വീകരിക്കേണ്ടതാണ്.

എറണാകുളം ഗവൺമെന്റ് പ്രസ്സിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി സ്ഥാനക്കയറ്റ നിയമനം ലഭിച്ച ആലപ്പുഴ ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ.ബി. ഹരികുമാർ നിലവിൽ വഹിച്ചു വരുന്ന ജില്ലാ ഫോറം ഓഫീസറുടെ പൂർണ്ണ അധിക ചുമതല ആലപ്പുഴ ജില്ലാ ഫോറം സ്റ്റോറിലെ സീനിയർ ക്ലാർക്ക് ശ്രീ. എം. അരവിന്ദാക്ഷന് കൈമാറേണ്ടതും, നിലവിൽ എറണാകുളം ഗവ: പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ചുമതല നിർവ്വഹിച്ചുവരുന്ന എറണാകുളം ഗവ: പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. എസ്. മുരളീധരനിൽ നിന്നും ടി ചുമതല ഉടൻ പ്രാബല്യത്തിൽ സ്വീകരിക്കേണ്ടതാണ്.



REDMI NOTE 6 PRO
MI DUAL CAMERA

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി സ്ഥലംമാറ്റ നിയമനം ലഭിച്ച എറണാകുളം ഗവ: പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. എസ്. മുരളീധരൻ നിലവിൽ വഹിച്ചു വരുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ചുമതല എറണാകുളം ഗവൺമെന്റ് പ്രസ്സിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി സ്ഥാനക്കയറ്റ നിയമനം ലഭിച്ച ആലപ്പുഴ ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ. ബി. ഹരികുമാറിന് കൈമാറേണ്ടതും. നിലവിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല നിർവ്വഹിച്ചുവരുന്ന ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. കെ.റ്റി. വിൽസനിൽ നിന്നും ടി ചുമതല സ്വീകരിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചേരും കാലത്തിനും യാത്രാബത്തയ്ക്കുമുള്ള നിയമാനുസൃതമായ അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്.

സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്, ഗവ: സെക്രട്ടേറിയേറ്റ്, തിരു./
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം /
ജില്ല ട്രഷറി ഓഫീസർ, ജില്ല ട്രഷറി, ആലപ്പുഴ / കാക്കനാട്, എറണാകുളം /
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്/ ഷൊർണ്ണൂർ /
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം /
ഡെപ്യൂട്ടി സൂപ്രണ്ട് ഗവ: പ്രസ്സ്, എറണാകുളം / ഷൊർണ്ണൂർ /
ജില്ല ഫോറം ഓഫീസർ, ജില്ലാ ഫോറം സ്റ്റോർ, ആലപ്പുഴ / തിരുവനന്തപുരം.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ. / ഗവ. പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
കൺട്രോളർ ഓഫ് ഫോംസ് / ഫിനാൻസ് ഓഫീസർ / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ /
സീനിയർ സൂപ്രണ്ട് / ഓഫീസ് മാനേജർ / പബ്ലിക്കേഷൻ അസിസ്റ്റന്റ് /
ജൂനിയർ സൂപ്രണ്ട് ഇ I, ഇ II /ജി 1/ ജി2 /ബഡ്ജറ്റ് / എ1/എ2/എ3/എ5 സീറ്റ്/
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എം.കെ. (വി) 27.5

REDMI NOTE 6 PRO
MI DUAL CAMERA